## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 901** 05/02/2020-ലെ മറുപടിക്ക്

**അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ** | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ദേവികുളം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | എ | അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ എന്നീ പദ്ധതികളുടെ വിശദമായ കോണ്ടൂർ സർവ്വേ പ്രവൃത്തി, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ച് കഴിഞ്ഞു.ലോവർചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പരിശോധന പ്രവൃത്തി 95% പൂർത്തീകരിച്ചു.അപ്പർ ചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പരിശോധന പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) പ്രസ്തുത പദ്ധതികളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | ബി | പ്രസ്തുത പദ്ധതികളിൽ ലോവർചട്ട മൂന്നാറിന്റെ മണ്ണ് പരിശോധന പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഇതിന്റെ ഡിസൈൻ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അപ്പർ ചട്ട മൂന്നാറിന്റെ മണ്ണ് പരിശോധന പ്രവൃത്തിയുടെ ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

SRaT.

**സെക്ഷൻ ഓഫീസർ**